**അടിയന്തരപ്രമേയം**

**ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിലെ വീഴ്ച**

മി. സ്പീക്കർ: ഭക്ഷ്യ വിഷബാധമൂലമുള്ള മരണവും ഭക്ഷ്യസുരക്ഷാ വീഴ്ചകളും വർദ്ധിക്കുകയും ഹെൽത്ത് കാർഡ് വിതരണം അട്ടിമറിക്കപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യവും ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അനൂപ് ജേക്കബ്, അൻവർ സാദത്ത്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കഴിഞ്ഞ ദിവസം ബഹുമാന്യനായ പ്രതിപക്ഷാംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്ന വിഷയം തന്നെയാണ് ഇന്ന് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ അടിന്തരപ്രമേയത്തിനായി നോട്ടീസ് നൽകിയിരിക്കുന്നതിലും ഉൾപ്പെട്ടിരിക്കുന്നതെന്ന സാധാരണമല്ലാത്ത ഒരു സാഹചര്യമുണ്ടെന്ന് ആദ്യമേ തന്നെ ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുകയാണ്.

പൊതുജനാരോഗ്യ സംരക്ഷണത്തിൽ ഭക്ഷ്യ സുരക്ഷ വളരെയേറെ പ്രധാനപ്പെട്ടതാണ്. The Food Safety and Standards Act of 2006 എന്ന കേന്ദ്ര നിയമത്തിന്റെയടിസ്ഥാനത്തിലാണ് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തുന്നതും നടപടികൾ സ്വീകരിക്കുന്നതും. 2009-ലാണ് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് നിലവിൽവന്നത്. 2011-ലാണ് ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് നിലവിൽവന്നത്. ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും നിയമം കർശനമായി നടപ്പിലാക്കുന്നതിനും വകുപ്പ് ഒരു ജനകീയ ക്യാമ്പയിന് തുടക്കമിട്ടു. 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ആപ്തവാക്യത്തോടെയുള്ള ഈ ക്യാമ്പയിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഗണ്യമായ വർദ്ധനവുണ്ടായി. മീൻ, വെളിച്ചെണ്ണ, ശർക്കര, പഴച്ചാറുകൾ, ജ്യൂസ്, ഷവർമ, കറിപൗഡർ തുടങ്ങി അനേകമനേകം ഭക്ഷ്യപദാർത്ഥങ്ങളിലെ മായം കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധനാ യജ്ഞങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി അത് തുടരുകയും ചെയ്യുന്നു.

പരിശോധനകളുടെ ഭാഗമായി വീഴ്ചകൾ കണ്ടെത്തിയാൽ സ്ഥാപനങ്ങൾ മാനദണ്ഡപ്രകാരം അടച്ചുപൂട്ടാൻ നിർദ്ദേശം നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നൽകിയ നോട്ടീസിൽ യു.ഡി.എഫ്.-ന്റെ കാലത്ത് മികച്ച പ്രകടനമാണ് നടത്തിയിരുന്നതെന്നും അന്ന് കേരളം ഒന്നാം സ്ഥാനത്തായിരുന്നുവെന്നും പറയുന്നത് വസ്തുതാപരമായി തെറ്റാണ്. 2018-2019 ലാണ് സംസ്ഥാനം രണ്ടാം സ്ഥാനത്ത് എത്തപ്പെട്ടത്. 2021-ൽ ഈ അസെസ്മെന്റിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റങ്ങൾ കേന്ദ്രം എഫ്.എസ്.എസ്.എ. കൊണ്ടുവരികയും ചെയ്തു. ഡാറ്റയുടെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളിൽ വസ്തുത എന്താണെന്നുള്ളത് പരിശോധിക്കാം. ഓരോ വർഷവും നടത്തിയ പരിശോധനകളുടെ എണ്ണമാണ് ആദ്യം സൂചിപ്പിക്കുന്നത്. 2012-13 കാലയളവിൽ സംസ്ഥാനത്ത് നടന്ന പരിശോധനകളുടെ ആകെ എണ്ണം 6358 ഉം 2013-14-ൽ 356 ഉം 2014-15-ൽ 1195 ഉം 2015-16-ൽ 3525 ഉം 2016-17-ൽ 5497 ഉം ആണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വലിയൊരു വർദ്ധന പരിശോധനയുടെ കാര്യത്തിലുണ്ടായിട്ടുണ്ട്. 2017-18 ആയപ്പോൾ അത് 25948-ലേയ്ക്ക് ഉയർന്നു.

2018-19-ൽ 27728-ഉം 2019-20-ൽ 33044-ഉം 2020-21 -ൽ 40000-ഉം 2021-22-ൽ 44676-ഉം ആയി വർദ്ധിച്ചു. 2022-23 ജനുവരി വരെ 64086 പരിശോധനകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് നടത്തിയിട്ടുണ്ട്. യു.ഡി.എഫ്-ന്റെ കാലത്ത് വർഷാടിസ്ഥാനത്തിൽ നോക്കിയാൽ പരിശോധനകൾ നടത്തിയതിന്റെ പരമാവധി എണ്ണം 6358 ആണ്. 356 പരിശോധനകൾ നടത്തിയ വർഷവുമുണ്ട്. ഈ വർഷം ഇതുവരെ 64086 പരിശോധനകൾ നടത്തി നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ (പെനാൽറ്റികളും കടകൾ അടപ്പിക്കുന്ന മറ്റുനടപടികളും) കൃത്യമായി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷ്യവിഷബാധയോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടാകുമ്പോൾ മാത്രമല്ല ഓരോ ദിവസവും ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നുണ്ട്.

ഭക്ഷ്യവിഷബാധമൂലമുള്ള മരണങ്ങൾ സംബന്ധിച്ചും അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്നുണ്ട്. അന്ന് അത്ര മരണമുണ്ടായി, ഇന്ന് ഇത്ര മരണമുണ്ടായിയെന്ന് പറയുകയല്ലാ ചെയ്യുന്നത്. അന്ന് മരണമുണ്ടായാലും ഇന്ന് മരണമുണ്ടായാലും ഭക്ഷ്യവിഷബാധമൂലമുള്ള മരണം ഉണ്ടാകാൻ പാടില്ല.

അനുസംബന്ധിച്ച് നോട്ടീസിൽ പറഞ്ഞതുകൊണ്ട്, ഇത്രയും കടകൾ ഇല്ലാതിരുന്ന പത്ത് വർഷം മുമ്പുള്ള കണക്കാണ് ഞാൻ പറയുന്നത്. സംസ്ഥാനത്ത് 2012-13-ൽ ഭക്ഷ്യവിഷബാധയേറ്റ് 2 പേർ മരണപ്പെടുകയുണ്ടായി. 2012-13-ൽ ഷവർമ്മ കഴിച്ചതിലൂടെ ഭക്ഷ്യവിഷബാധയുണ്ടായി ആദ്യമായി ഒരാൾ മരണപ്പെട്ടു. 2013-14-ൽ 1-ഉം 2015-ൽ 2-ഉം 2016-ൽ 1-ഉം 2017-ൽ 2-ഉം 2018-ൽ 1-ഉം 2019-ൽ 2-ഉം 2020-ൽ 1-ഉം 2021-ൽ ആരും മരിച്ചിട്ടില്ല, 2022-ൽ ഒരാളും മരണപ്പെട്ടു. ഭക്ഷ്യവിഷബാധമൂലം ആരും മരിക്കാൻ പാടില്ല. അതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. പരിശോധനകൾ ശക്തമാക്കിയും നിയമപ്രകാരമുള്ള നടപടികൾ ഭക്ഷണശാലകൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കിയുമാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. ഇതിലൊരു ഘടകം മാത്രമാണ് ഹെൽത്ത് കാർഡ്. ഹെൽത്ത് കാർഡ് 2011-ലെ റെഗുലേഷൻ പ്രകാരം നടപ്പിലാക്കേണ്ടതാണ്. 17(1)-ൽ Food handlers and employees of the establishment shall undergo a medical examination by a registered medical practitioner annually to ensure that they are free from any

infectious and other communicable diseases. A record of these examinations shall be maintained എന്ന് പറയുന്നുണ്ട്. നിയമപരമായി ഭക്ഷണം ഉണ്ടാക്കുന്നവർക്കും വിതരണം ചെയ്യുന്നവർക്കും ഹെൽത്ത് കാർഡ് നിർബന്ധമാണ്. ഭക്ഷണമുണ്ടാക്കുന്നവരിൽനിന്നും വിതരണം ചെയ്യുന്നവരിൽനിന്നും ഭക്ഷണം കഴിക്കുന്ന ആളുകളിലേയ്ക്ക് പകർച്ചവ്യാധികൾ പകരരുതെന്ന ലക്ഷ്യത്തോടെയാണ് ഹെൽത്ത് കാർഡ് ഉണ്ടാകണമെന്ന് നിയമപരമായി അനുശാസിക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ അത് കർശനമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഫെബ്രുവരി 1 മുതൽ ഭക്ഷണശാലകളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടാകണമെന്ന നിലപാട് സർക്കാർ സ്വീകരിച്ചു. ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു സംഘടനാ പ്രതിനിധികളും ഹെൽത്ത് കാർഡ് എടുക്കുന്നതിന് ഈ കാലയളവ് മതിയാകില്ലെന്നും കൂടുതൽ സമയം വേണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സാവകാശം നൽകുകയാണ് ചെയ്തത്. പത്തുപതിനൊന്ന് വർഷമായി നിലവിലുണ്ടായിരുന്ന ഒരു നിയമം ശക്തമായി നടപ്പിലാക്കാൻ

സർക്കാർ തീരുമാനിക്കുമ്പോൾ അതിനോട് പോസിറ്റീവായി ഈ മേഖലയിലുള്ളവർ പ്രതികരിച്ചുവെന്നത് നാം കാണേണ്ടതാണ്. ഹെൽത്ത് കാർഡ് എടുക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങളിലൊക്കെ തിരിക്ക് അനുഭവപ്പെട്ട സാഹചര്യത്തിലാണ് സാവകാശം നൽകാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് ഹെൽത്ത് കാർഡില്ലാതെ ഒരാൾക്കും ഇനി ഭക്ഷണശാലകളിൽ ജോലി ചെയ്യാൻ സാധിക്കില്ല. കർശനമായി ഈ നിയമം നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഹെൽത്ത് കാർഡ് എടുത്തിട്ടില്ലാത്ത നിരവധി ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ അവർക്ക് ഹെൽത്ത് കാർഡ് എടുക്കുന്നതിനുള്ള സാവകാശം അനുവദിച്ചുകൊണ്ട്, അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടുപോയി അത് പൂർണ്ണമായി നടപ്പാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കേണ്ടത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. വാസ്തവ വിരുദ്ധമായ അടിസ്ഥാനമില്ലാത്ത ആരോപണം ഉന്നയിക്കാതെ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുമായി ചേർന്നുനിന്നുകൊണ്ട് ഭക്ഷ്യസുരക്ഷാ ഉറപ്പാക്കുകയെന്ന

നമ്മുടെ ഉത്തരവാദിത്വത്തെ വളരെ ഭംഗിയായി നിർവ്വഹിക്കുന്നതിന് പ്രതിപക്ഷം ഒപ്പമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ഈ വിഷയം ശ്രദ്ധക്ഷണിക്കലിലൂടെ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഹെൽത്ത് കാർഡ് തട്ടിപ്പിനെ സംബന്ധിച്ച വിഷയമാണ് ഞങ്ങൾ അടിയന്തരപ്രമേയമായി കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ വിഷയം ശ്രദ്ധക്ഷണിക്കലായി കൊണ്ടുവരുമ്പോൾ ഹെൽത്ത് കാർഡ് തട്ടിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളില്ല. അതിനുശേഷമാണ് ബഹുമാനപ്പെട്ട മന്ത്രി ഇനി മുതൽ ഹെൽത്ത് കാർഡ് ഉണ്ടാകണമെന്ന് പറഞ്ഞത്. അതുപറഞ്ഞ് രണ്ടുദിവസം കഴിഞ്ഞപ്പോൾ 300/- രൂപ വാങ്ങിക്കൊണ്ട് ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. ഗൗരവതരമായ ഒരു വിഷയമാണിത്. 300 രൂപ കൊടുത്ത് ഹെൽത്ത് കാർഡ് വാങ്ങിക്കുന്ന ആൾ ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കേണ്ട സ്ഥിതിയാണ്. പുതിയ വിഷയമാണിത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ സമീപകാല സംഭവമാണ് ഞങ്ങൾ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നത്. അടിസ്ഥാനമില്ലാത്ത ആരോപണമുന്നയിക്കാതെ പ്രതിപക്ഷം ചേർന്ന് നിൽക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഹെൽത്ത് കാർഡ് വിതരണത്തിലുണ്ടായിരിക്കുന്ന അപാകതകളും ന്യൂനതകളും ക്രമക്കേടുകളും ചൂണ്ടിക്കാട്ടുമ്പോൾ കഴിഞ്ഞ ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞ അതേ മറുപടി തന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇന്ന് ഇവിടെയും ആവർത്തിച്ചത്. ആ കാര്യങ്ങളിലേയ്ക്ക് ഞാൻ വരാം. കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായുണ്ടാകുന്ന ഭക്ഷ്യ ദുരന്തങ്ങളും ഭക്ഷ്യവിഷബാധയും ഒരു തുടർക്കഥയായി ഇന്നും മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. ഭക്ഷ്യവിഷബാധയുണ്ടായി മരണങ്ങളുണ്ടാകുമ്പോൾ അതുസംബന്ധിച്ച് ചർച്ച ചെയ്യുകയും അന്വേഷണം നടത്തുകയും കുറച്ചെങ്കിലും തുടർനടപടി സ്വീകരിക്കുകയും ചെയ്യും. പക്ഷെ ഭക്ഷ്യവിഷബാധയേറ്റ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ കാരണം ജീവിതം വഴിമുട്ടിപോകുന്ന നൂറുകണക്കിനാളുകൾ

ഇന്ന് കേരളത്തിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. അവരെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. അതിനെ സംബന്ധിച്ച് യാതൊരു തുടർനടപടികളും പിന്നീട് ഉണ്ടാകുന്നില്ല. കേരളത്തിൽ ഭക്ഷ്യദുരന്തങ്ങളും ഭക്ഷ്യവിഷബാധയേറ്റ് മരണങ്ങളും ആവർത്തിക്കുന്നത് എന്തുകൊണ്ടാണ്; അതറിയാൻ ബഹുമാനപ്പെട്ട മന്ത്രി പാഴൂർ പടിപ്പുര വരെ പോകണ്ട. അങ്ങയുടെ മൂക്കിന്റെ താഴെയുള്ള ജനറൽ ആശുപത്രിയിലെ ചില ഉദ്യോഗസ്ഥർ 300/- രൂപ കൈക്കൂലി വാങ്ങി ദോശ ചുടുന്നതുപോലെ ഹെൽത്ത് കാർഡ് എഴുതി കൊടുത്തില്ലേ; ആ ജീർണ്ണതയാണ്, അഴിമതിയാണ്, കെടുകാര്യസ്ഥതയാണ് ഇവിടെ ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കാൻ ഇടവരുത്തുന്നത്. ഞാൻ എല്ലാ ഉദ്യോഗസ്ഥരെയും ആക്ഷേപിക്കുന്നതിനോ എല്ലാ ഡോക്ടർമാരും അഴിമതിക്കാരാണെന്നോ പറയുന്നില്ല. സെക്യൂരിറ്റി ക്യാബിനിലിരുന്നുകൊണ്ട് ഒരുദ്യോഗസ്ഥസ്ഥൻ 300 രൂപ വാങ്ങി ഹെൽത്ത് കാർഡുകൾ എഴുതി കൊടുക്കുന്ന കാഴ്ച എഷ്യാനെറ്റും മാതൃഭൂമിയുമടക്കമുള്ള വിവിധ ദൃശ്യമാദ്ധ്യമങ്ങളിലൂടെയും ഓൺലൈൻ ചാനലുകളിലൂടെയും നമ്മൾ

കണ്ടതാണ്. മിനിസ്റ്റർക്ക് ഈ അസംബ്ലിയിൽ ഉറപ്പുനൽകാൻ കഴിയുമോ, കൊടുത്ത എല്ലാ ഹെൽത്തുകാർഡുകളും മാനദണ്ഡങ്ങൾ 100 ശതമാനം comply ചെയ്തും എല്ലാ പരിശോധനകളും നടത്തിയുമാണ് കൊടുത്തതെന്നതിനെ സംബന്ധിച്ച്, ഒരിക്കലും അങ്ങേയ്ക്ക് അതിന് കഴിയില്ല, കാരണം ഹെൽത്ത് കാർഡ് നൽകുന്നതിനുമുമ്പ് ഏഴോ ഒൻപതോ പരിശോധകൾ നടത്തേണ്ടതുണ്ട്. ഈ പരിശോധനകൾക്കായി ഒന്നോ രണ്ടോ ദിവസം വേണ്ടിവരും. വിവിധ തരത്തിലുള്ള രോഗങ്ങൾ, പകർച്ചാവ്യാധികളുണ്ടോ, വാക്സിനേഷൻ വിശദാംശങ്ങളടക്കം പല കാര്യങ്ങളുണ്ട്. ചില കേസ്സുകളിൽ കുറെക്കൂടി പരിശോധകൾ വേണ്ടിവരും. അങ്ങനെയുള്ള കാർഡുകളാണ് അഞ്ച് മിനിട്ടുകൊണ്ട് മുഖംപോലും നോക്കാതെ എഴുതിക്കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ വിഷയമാണ് ഞങ്ങൾ അടിയന്തര പ്രമേയത്തിൽ ഉന്നയിക്കുന്നത്. അപ്പോൾ ഈ ഹെൽത്തുകാർഡുകളിൽ അനോമലീസ് അല്ലെങ്കിൽ വ്യക്തതയില്ലായ്മ തുടങ്ങി പല കാര്യങ്ങളുമുണ്ട്. ഗവൺമെന്റ് മെഡിക്കൽ ഓഫീസർ വേണമെന്ന് നിർബന്ധമില്ല, ഇതിനകത്ത് രജിസ്റ്റേർഡ് മെഡിക്കൽ പ്രക്ടീസ്ഷണർ മതി. ഒപ്പംതന്നെ ഏതൊക്കെ രീതിയിലുള്ള പരിശോധന

എങ്ങനെ നടത്തണമെന്നതിനെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നുവെന്നുള്ളതാണ് കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. ഹെൽത്ത് കാർഡിനെപ്പറ്റി കഴിഞ്ഞ ദിവസം മിനിസ്റ്റർ ഇവിടെ പറഞ്ഞതെന്താണ്? ഹെൽത്ത് കാർഡ് ഞങ്ങളുടെ ട്രം കാർഡാണ്, ഹെൽത്ത് കാർഡ് വഴി വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ പോകുന്നുവെന്നാണ്. കഴിഞ്ഞയാഴ്ച അസംബ്ലിയിൽ മിനിസ്റ്റർ ഇത് പറയുമ്പോൾ, ആ ഹെൽത്തുകാർഡ് കൊടുത്തതിലുള്ള വലിയ അപാകതയും കെടുകാര്യസ്ഥതയും അഴിമതിയും ഇന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, ഒരു പരിശോധനപോലും നടത്താതെ ഹെൽത്തുകാർഡുകൾ കൊടുക്കുന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നു. അവിടെ അങ്ങനെയാണെങ്കിൽ ബാക്കി, മിനിസ്റ്റർ ഇവിടെ ആവർത്തിച്ച പരിശോധനകൾക്ക് എന്ത് ആധികാരികതയുണ്ടാകും. ഞങ്ങൾ എങ്ങനെയത് മുഖവിലയ്ക്കെടുക്കണം. അടിസ്ഥാനപരമായ വിഷയമാണ് ഹെൽത്ത് കാർഡ്, അതിന്റെ അവസ്ഥ ഇതാണെങ്കിൽ മറ്റുള്ള പരിശോധനകളുടെ അവസ്ഥയെന്താണ്. പരിശോധന എങ്ങനെയാണ്

നടക്കുന്നത്? ഒരു വിഷയമോ വിവാദമോ ഉണ്ടാകുമ്പോൾ ഈ സേഫ്റ്റി ഓഫീസർമാർ കുറെ ചാനലുകാരെയും വിളിച്ചുകൊണ്ട് ഓടി ഹോട്ടലുകളിലേയ്ക്ക് വരും, പാത്രമെടുക്കും അടപ്പ് മാറ്റും, മണപ്പിക്കും, ഭക്ഷണം മണത്തുകൊണ്ട് റിപ്പോർട്ട് എഴുതി കോടതിയിൽ കൊടുത്താൽ, ആ റിപ്പോർട്ട് കോടതി അംഗീകരിക്കുമോ? അതെടുത്തു ചവറ്റുകുട്ടയിലെറിയും. ആധികാരികമായ റിപ്പോർട്ടുകൾ വേണമെങ്കിൽ, NABL (National Accreditation Board for Testing and Calibration Laboratories) അക്രിഡിറ്റേഷനുള്ള ലാബുകളിലെ പരിശോധനാ റിപ്പോർട്ടുകൾ മാത്രമെ ഒരു നിയമ കോടതിയിൽ നിലനിൽക്കുകയുള്ളൂ. അങ്ങനെയുള്ള മൈക്രോ ബയോളജി ലാബുകൾ അങ്ങയുടെ വകുപ്പിന്റെ കീഴിലില്ലായെന്നുള്ളതാണ് അങ്ങയുടെ മറുപടിയിൽനിന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കെമിക്കൽ ലബോറട്ടറികളുണ്ട്. ഇത് കഴിഞ്ഞ സി&എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഞാൻ അത് വായിക്കാൻ ആഗ്രഹിക്കുന്നില്ല. മൈക്രോ ബയോളജി ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ മിനിസ്റ്ററുടെ ശ്രദ്ധയിലും അസംബ്ലിയുടെ മുന്നിലുമുള്ളതാണ്. മൂന്ന് കോടി

രൂപയാണ് ഇതുമായിബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ചത്. ആ തുക ഫലപ്രദമായി വിനിയോഗിക്കാൻപോലും ഗവൺമെന്റിന് കഴിഞ്ഞില്ലെന്നുള്ളതാണ് അതിന്റെ മറ്റൊരു പ്രധാനപ്പെട്ട വിഷയം. അപ്പോൾ ഇതിന്റെയകത്ത് NABL അക്രെഡിറ്റേഷനില്ലാതെ ആ കേസ്സുകളുമായി നമ്മൾ മുന്നോട്ട് പോകുന്നു. ആ ലാബുകളുടെ പരിശോധനയോ അതിന്റെ റിപ്പോർട്ടുകളോയില്ലാതെ മുന്നോട്ടുപോകുമ്പോൾ അതിന്റെ അവസ്ഥ എന്തായിരിക്കും? നാലായിരത്തോളം കേസ്സുകളാണ് കേരളത്തിലെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്നത്. ഈ കഴിഞ്ഞ ജനുവരിയിലും കഴിഞ്ഞ വർഷം മെയ് മാസത്തിലുമുണ്ടായ മരണത്തിന്റെയടിസ്ഥാനത്തിൽ കേസ്സുകൾ വേഗത്തിലാക്കാൻ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇത്രയുംനാൾ ആരോഗ്യവകുപ്പ് എന്ത് ചെയ്യുകയായിരുന്നു? ഇതിനെ സംബന്ധിച്ചുള്ള അന്വേഷണം അല്ലെങ്കിൽ വേഗത്തിൽ കേസെടുക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്? 2500-ഓളം ക്രിമിനൽ സ്വഭാവമുള്ള കേസ്സുകളും 1500-ഓളം സിവിൽ സ്വഭാവമുള്ള കേസുകളും കോടതികളിൽ കെട്ടിക്കിടക്കുകയാണ്. ആ കേസ്സുകൾ വിചാരണയ്ക്കുവരുമ്പോൾ അതിന്റെ

അവസ്ഥയെന്തായിരിക്കുമെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല. പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി 2014-ൽ നൽകിയ റിപ്പോർട്ടിൽ ഒരുപാട് ശുപാർശകളുണ്ട്. അതിൽ പ്രധാനപ്പെട്ട രണ്ടു ശുപാർശകളിലൊന്ന് ഭക്ഷ്യസുരക്ഷാ മേഖലയിൽ ഡേറ്റാ ബെയ്സുണ്ടായിരിക്കണമെന്നതാണ്. രണ്ട്, ഇതിനെ സംബന്ധിച്ച് ഇവിടെ പ്രതിപാദിച്ച ഹെൽത്തുകാർഡുണ്ടായിരിക്കണമെന്നതുമാണ്. ഓരോ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെയും അധികാരാതിർത്തിയിൽവരുന്ന പ്രദേശങ്ങളിലെ ഇതുമായി ബന്ധപ്പെട്ടുള്ള കൃത്യമായ ഡേറ്റാ ബെയ്സുണ്ടായിരിക്കണം. എന്നാൽ ഇവിടെ സംഭവിക്കുന്നത്, ഞാൻ മനസ്സിലാക്കിയിടത്തോളം, ഏകദേശം പതിനായിരത്തിൽപ്പരം ഹോട്ടലുകളും, ഇത്തരത്തിലുള്ള ഉൽപാദനകേന്ദ്രങ്ങളും പത്തുമുതൽ പതിനാലു പഞ്ചായത്തുകളും ഒരു ഉദ്യോഗസ്ഥന്റെ അധികാര പരിധിയിലാണ് വരുന്നതെന്നാണ്. അപ്പോൾ പലപ്പോഴും ഈ ഉദ്യോഗസ്ഥൻ ill equipped ആകുന്നു, അവർക്ക് കൃത്യമായ നിലയിൽ മുമ്പോട്ടുപോകാൻ കഴിയാത്ത സാഹചര്യങ്ങളും പരിശോധനാ സംവിധാനങ്ങളോയില്ലാതെ പോകുന്നു. രണ്ട്

ഡേറ്റാ ബെയ്സ് വരുന്ന സന്ദർഭത്തിൽ പല ഹോട്ടലുകളും ഇതിനകത്തേയ്ക്ക് രജിസ്റ്റർ ചെയ്യാതെ പോകുന്ന സാഹചര്യമുണ്ട്. കാരണം ഇതിന്റെ രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും വിഷയങ്ങൾ ഇതിന്റെ ഭാഗമായി വരുന്നുണ്ട്. 60 ദിവസങ്ങൾക്കുള്ളിൽ ലൈസൻസ് കൊടുക്കാൻ കഴിയണം. 60 ദിവസങ്ങൾക്കുള്ളിൽ ലൈസൻസ് കൊടുക്കാനോ രജിസ്ട്രേഷൻ വേണ്ട സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ കൊടുക്കാനോ കഴിഞ്ഞില്ലെങ്കിൽ default ആയി ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭിക്കുകയും അവ പ്രവർത്തിക്കാനാരംഭിക്കുകയും ചെയ്യും. ആപ്പോൾ ഈ ഡേറ്റാ ബേയ്സിൽ അത് കടന്നുവരികയില്ല. അപ്പോൾ ഡേറ്റാ ബേയ്സിലുള്ളതിൽ പരിശോധന നടത്തുന്നില്ല, ഡേറ്റാ ബെയ്സ് അപൂർണ്ണമായി നിലകൊള്ളുന്നു., ഡേറ്റാബേസിന്റെ പുറത്തുനിൽക്കുന്ന അനവധി ഹോട്ടലുകൾ, സ്ഥാപനങ്ങൾ ഇതിൽ നിലകൊള്ളുന്നുവെന്നുള്ളതാണ്. ഡേറ്റാ ബെയ്സിൽ ഉൾപ്പെട്ടിട്ടുള്ള ഹോട്ടലുകളുടെയും, വിവിധ ഉത്പാദനകേന്ദ്രങ്ങളുടെയും 26 ശതമാനത്തിൽതാഴെയുള്ള സ്ഥലങ്ങളിലാണ് പരിശോധനകൾ നടക്കുന്നത്. തട്ടുകടകൾ അതുപോലെയുള്ള സ്ഥാപനങ്ങളെയും സംബന്ധിച്ച് 10

ശതമാനംപോലും എത്തിച്ചേരാൻ കഴിയുന്നില്ലായെന്നതാണ്. അങ്ങനെയുള്ള വലിയ പ്രതിസന്ധി ഇതിനകത്തുണ്ട്. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുന്നോട്ടുവച്ച രണ്ടുപ്രധാന ശുപാർശകൾക്ക് കടലാസ്സിന്റെ വിലപോലും ആരോഗ്യവകുപ്പ് നൽകുന്നില്ല. ചെയർ ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയമാണ് ഈ നടപ്പുസമ്മേളനത്തിൽ 221 മുതൽ 241 വരെയുള്ള ചോദ്യങ്ങൾ, കഴിഞ്ഞയാഴ്ച മറുപടി ലഭിക്കേണ്ടതാണ്. അടിയന്തര പ്രമേയത്തിന് നോട്ടീസ് കൊടുത്തപ്പോൾ, ഇന്ന് രാവിലെ അപ്‍ലോഡ് ചെയ്തിട്ടുണ്ട്, ഇന്നലെ വൈകുന്നേരം വരെ നോക്കിയിട്ടും അപ്‍ലോഡ് ചെയ്തിട്ടില്ല. അഞ്ച് ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭിക്കാനുണ്ട്. ഒരു എം.എൽ.എ. എഴുതിക്കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഒരാഴ്ച കഴിഞ്ഞ് മറുപടി നൽകുമെന്ന് പറയുന്നത് ഒരർത്ഥമുള്ള കാര്യമൊന്നുമല്ല. ഇതുമായി ബന്ധപ്പെട്ട് അനവധി റൂളിംഗ്സുള്ളതാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം എത്തുകയെന്നത് എം.എൽ.എ.-യുടെ ആവകാശവും ജനങ്ങളോടുള്ള പ്രതിബദ്ധതയുടെ ഉദാഹരണവുമാണ്. അതുണ്ടാകണമെന്ന് വിനയപൂർവ്വം ഞാൻ ഒർമ്മിപ്പിക്കുകയാണ്. വകുപ്പുകളുടെ ഏകോപനമില്ലായ്മ മറ്റൊരു പ്രശ്നമാണ്.

ഈ വകുപ്പുകളുടെ ഏകോപനമില്ലായ്മയെ സംബന്ധിച്ചും എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ടിൽ വളരെ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ 348 ലൈസൻസുകൾ പരിശോധിച്ചപ്പോൾ 144 വ്യാപാര സ്ഥാപനങ്ങളും ജി.എസ്.ടി. രജിസ്ട്രേഷനുള്ള 338 സ്ഥാപനങ്ങൾ പരിശോധിച്ചപ്പോൾ 122 ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ ഡേറ്റയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി. അതിന്റെ അർത്ഥമെന്താണ്? വകുപ്പുകളുടെ ഏകോപനമില്ലായ്മയെയാണ് ഇത് വ്യക്തമാക്കുന്നത്. ഇതിനുവേണ്ടി നൽകിയ 64 ശതമാനത്തോളം അപേക്ഷകളിൽ ആവശ്യമായ ഡിക്ലറേഷനോ രേഖകളോ ഇല്ല. ഇതൊന്നും പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങളല്ല. ആഡിറ്റ് റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്ന, ഗവൺമെന്റിന്റെ മുന്നിലുള്ള ഡോക്കുമെന്റ്സാണ് ഇവിടെ ഞാൻ വായിച്ചത്. കാര്യങ്ങൾ എത്രമാത്രം കെടുകാര്യസ്ഥതയിലേയ്ക്ക് നീങ്ങുന്നുവെന്നതിന്റെ പ്രത്യക്ഷമായ അനവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഇപ്പോൾ ഭക്ഷണം പുറത്തുനിന്ന് കഴിക്കുന്നത് സംസ്കാരം മാത്രമല്ല, ചിലർ നിർബന്ധിതമായി ഭക്ഷണം കഴിക്കാൻ പുറത്തുപോകുകയാണ്. ഇന്നത്തെ സാമൂഹിക

പശ്ചാത്തലത്തിൽ മനുഷ്യർക്ക് അവരുടെ ജോലിയും മറ്റുമായി ബന്ധപ്പെട്ട് ധാരാളം യാത്ര ചെയ്യേണ്ടിവരുന്നു. അപ്പോഴവർ പുറത്തുനിന്ന് ഭക്ഷണം കഴിക്കാൻ നിർബന്ധിതരാകുകയാണ്. അവർ സ്വമേധയാ അല്ല, മറ്റ് മാർഗ്ഗമില്ലാത്തതുകൊണ്ട് പോകുന്നതാണ്. അതുകൊണ്ടുതന്നെ പാക്കേജ് ഫുഡിനെയും പാക്ക്ഡ് ഫുഡിനെയും ഹോട്ടൽ ഫുഡിനെയും ആശ്രയിക്കുന്നവരുടെ എണ്ണം വർഷം കഴിയുന്തോറും അല്ല ദിവസം കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ജങ്ക്ഫുഡോ ഷവർമ്മയോ കഴിക്കരുതെന്ന ബോധവത്ക്കരണം നടത്താൻ സാധിക്കുമോ? ജനങ്ങൾ കഴിക്കുന്ന ഭക്ഷണം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം സംസ്ഥാനത്തിനും ഗവൺമെന്റിനുമുണ്ട്. അത് ഇവിടെ നടപ്പിലാകുന്നില്ലെന്നതാണ് ഇത്തരം വിഷയങ്ങൾ ആവർത്തിക്കാൻ ഇടയാകുന്നത്.

ഏറ്റവും അടിസ്ഥാനപരമായ ഒരു കാര്യംകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്ഥാപനങ്ങളിൽ ഹെൽത്ത് ഓഫീസർമാരുടെ നമ്പർ നിബന്ധനയും പ്രദർശിപ്പിക്കണമെന്ന് ഈ

നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എത്ര സ്ഥാപനങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ട്? പ്രദർശിപ്പിച്ചാൽ ഇവിടെ അത്ഭുതം സംഭവിക്കുമോ എന്നത് മറ്റൊരു കാര്യം. അതൊന്നുമുണ്ടാകില്ല. പക്ഷേ നിയമത്തിൽ നിഷ്കർഷിക്കുന്ന അടിസ്ഥാനപരമായ കാര്യങ്ങൾപോലും ചെയ്യുന്നില്ല. ഈ നിയമം നടപ്പിലാക്കുന്നതിൽ വന്ന പ്രശ്നങ്ങളാണിവ. 2006-നുമുമ്പ് ഈ വിഷയം സംസാരിക്കില്ലായിരുന്നു. കാരണം ഇതുസംബന്ധിച്ചൊരു നിയമമില്ല. എന്നാൽ 2006-ൽ നിയമം വന്നു. 2011-ൽ അതിന്റെ റൂൾസ് വന്നു. ഇന്ന് പല്ലും നഖവുമുള്ള ശക്തമായൊരു നിയമമുള്ളപ്പോൾ അത് കർശനമായി നടപ്പിലാക്കാൻ കഴിയാതിരിക്കുന്നുവെന്നതാണ് ഇന്നത്തെ ഗുരുതരമായ സാഹചര്യത്തിന് കാരണം. ആ നിയമം കൃത്യമായി നടപ്പിലാക്കിയിരുന്നെങ്കിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുമായിരുന്നോ? ഒരിക്കലുമില്ല. ഇത്തരത്തിലുള്ള വിഷയങ്ങൾ പ്രതിപക്ഷം ചൂണ്ടിക്കാട്ടുമ്പോൾ വളരെ ലാഘവ ബുദ്ധിയോടെ പ്രതിപക്ഷം ആരോപണങ്ങളും അടിസ്ഥാനമില്ലാത്ത വിഷയങ്ങളുമായി കടന്നുവരരുതെന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത്തരം പരാമർശം വളരെ

നിർഭാഗ്യകരമായിപ്പോയി. പ്രതിപക്ഷം സഭയിൽ ഉന്നയിക്കുന്നത് ജനങ്ങളുടെ ഇടയിൽ ഉയർന്നുവരുന്ന ആശങ്കകളാണ്. ജനങ്ങളെ സംബന്ധിച്ച് ഈ ആശങ്ക വർദ്ധിച്ചുവരികയാണ്. അതിന്റെ കാരണം കൃത്യമായ നിലയിൽ മുന്നോട്ടുപോകാൻ സാധിക്കാത്തവിധത്തിലുള്ള പ്രതിസന്ധികൾ ഇന്ന് ഈ മേഖലയിൽ നിലനിൽക്കുന്നുവെന്നതാണ്. ആവശ്യമായ ഉദ്യോഗസ്ഥരുടെ അഭാവം, ഉള്ള ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത, അഴിമതി, ill equipped system, ലാബുകളുടെ അഭാവം, സഞ്ചരിക്കാൻവേണ്ട വാഹനങ്ങൾപോലുമില്ലാതെ ഇരുട്ടിൽതപ്പുന്ന ഉദ്യോസ്ഥർ എന്നിവ ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യമുണ്ടാക്കും. അതുകൊണ്ടാണ് ഫുഡ് സേഫ്റ്റിയിൽ ഒന്നാം സ്ഥാനത്തുനിന്ന കേരളം ഏഴാം സ്ഥാനത്തിലേയ്ക്ക് കൂപ്പുകുത്തിയത്. അത് രണ്ടക്കം തികയ്ക്കാൻവേണ്ടിയുള്ള മത്സരമാണ് ഇപ്പോൾ ഗവൺമെന്റ് നടത്തുന്നത്. ഗൗരവമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) : സർ, ഫുഡ് സേഫ്റ്റിയിൽ ഒന്നാം സ്ഥാനമെന്ന് ബഹുമാനപ്പെട്ട

അംഗം പറയുമ്പോൾ അങ്ങനെയല്ലെന്ന് ഞാൻ ആദ്യമറുപടിയിൽതന്നെ വ്യക്തമാക്കിയതാണ്. 2018-19-ലാണ് സംസ്ഥാനം രണ്ടാം സ്ഥാനത്ത് എത്തപ്പെട്ടത്. കോൺഗ്രസ് ഭരണകാലത്ത് ഫുഡ് സേഫ്റ്റിയിൽ കേരളത്തിന് ഒന്നാം സ്ഥാനമായിരുന്നുവെന്നത് തെറ്റായ കാര്യമാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവും ശ്രീ. അനൂപ് ജേക്കബും ഇവിടെ പറഞ്ഞത് ഹെൽത്ത് കാർഡിനെക്കുറിച്ചാണ്. ഇത് പുതിയൊരു കാര്യമാണോ? 2017-ലെ The Food Safety and Standards Authority of India (FSSAI)-യുടെ റെഗുലേഷൻ17(1)-ഉം 17(2)-ഉം പ്രകാരമാണ് ഭക്ഷണമുണ്ടാക്കുന്നവർക്കും വിളമ്പുന്നവർക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹെൽത്ത് റെക്കോർഡ് വേണമെന്ന് നിഷ്കർഷിക്കപ്പെട്ടത്. അതിലെ 17(1) ഞാൻ നേരത്തെ വായിച്ചു. 17(2) കൂടി വായിക്കാം. " The employees on the food premises shall be inoculated against the enteric group of diseases as per recommended schedule of the vaccine and the record shall be maintained." 2014-ലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശിപാർശയുണ്ടായിരുന്നെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച മറ്റൊരുകാര്യം. എന്തുകൊണ്ടത്

നടപ്പിലാക്കിയില്ലെന്ന ചോദ്യമുണ്ട്. 2011-ലെ റെഗുലേഷൻ എങ്ങനെ നടപ്പിലാക്കണമെന്നതിന് വ്യക്തതയില്ലെന്ന് പറയുമ്പോൾ അത് സ്വയം വിമർശനപരമായിക്കൂടി ചിന്തിക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെയൊരു ആരോപണപ്രത്യാരോപങ്ങളിലേയ്ക്ക് നാം പോകേണ്ടതില്ല. ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചുനിന്ന് പ്രവർത്തിക്കേണ്ട ഒരു വിഷയമാണിത്. ഇതിൽ എന്താണ് പുതിയതായിട്ടുള്ളത്? ഈ നിയമം കർശനമായി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചത്. ഞാൻ നിയമസഭയിൽ രണ്ടുദിവസം മുമ്പല്ല പറഞ്ഞത്. ഒരു മാസംമുമ്പ് ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷന്റെ സംഘടനാ നേതാക്കളുമായും കാറ്ററിംഗ് സംഘടനാ നേതാക്കളുമായും തട്ടുകട നടത്തുന്നവരുടെ സംഘടനാ പ്രതിനിധികളുമായും സംസ്ഥാനതലത്തിൽ വിളിച്ചുചേർത്ത ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ നിയമത്തിൽ അനുശാസിക്കുന്ന മുഴുവൻ കാര്യങ്ങളും കർശനമായി നടപ്പിലാക്കണമെന്നും അത് ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനും സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും അനുവാര്യമാണെന്ന് പറഞ്ഞപ്പോൾ വളരെ പോസിറ്റാവായാണ് അവർ

പ്രതികരിച്ചത്. ആ ചർച്ചയിൽ സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശമാണ് ഹെൽത്ത് കാർഡ്. റെഗുലേഷനിൽ പറയുന്ന ഒരു ഘടകമാണിത്. അത് എന്തുകൊണ്ടെന്നുള്ളത് ഞാൻ നേരത്തെ വിശദീകരിച്ചു. അത് കർശനമായി നടപ്പിലാക്കണമെന്നും അതിന് സഹകരിക്കണമെന്ന് പറഞ്ഞപ്പോൾ പൂർണ്ണമനസ്സോടെയാണ് അവർ സഹകരിച്ചത്. ഇതുസംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നില്ല. 11 വർഷമായി നിലനിൽക്കുന്ന കാര്യത്തിൽ അവ്യക്തതയുണ്ടെങ്കിൽ അതുസംബന്ധിച്ച അവ്യക്തതകൾ നീക്കുന്നതിനുതന്നെയാണ്...... മാധ്യമങ്ങളുടെ സ്റ്റിംഗ് ഓപ്പറേഷനിലാണ് കഴിഞ്ഞദിവസം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ആളെ കാണാതെതന്നെ ഹെൽത്ത് കാർഡ് നൽകിയ സംഭവം കണ്ടെത്തിയത്. സർക്കാരെടുത്തൊരു തീരുമാനത്തെ അട്ടിമറിക്കുന്ന സമീപനം ചിലർ സ്വീകരിച്ചപ്പോൾ അതിനെതിരെ വകുപ്പ് എന്താണ് ചെയ്തത്? മണിക്കൂറുകൾക്കകം പ്രാഥമികാന്വേഷണം നടത്തി അന്വേഷണ വിധേയമായി മൂന്ന് ഡോക്ടർമാരെയും സസ്പെന്റ് ചെയ്തു. മെഡിക്കൽ നൈതികതയ്ക്കെതിരായ പ്രവർത്തനമാണ് അവർ നടത്തിയതെന്ന് കണ്ടുകൊണ്ടാണ് അവരെ സസ്പെന്റ്

ചെയ്തത്. കൂടുതൽ കർശനമായ നടപടികൾ സ്വീകരിക്കാൻതന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. സെക്യൂരിറ്റിയുൾപ്പെടെ ഇതിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരെയും പുറത്താക്കുകയും ചെയ്തു. ഈ സ്റ്റിംഗ് ഓപ്പറേഷനുവേണ്ടി സമീപിച്ച ഡോക്ടർമാരിൽ കൂടുതൽപേരും പറഞ്ഞത്, ഇത് ചെയ്യാൻ പറ്റില്ല, പോയി പരിശോധിച്ചുവരാനാണ് പറഞ്ഞത്. ഒരു സംവിധാനത്തിൽ പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷംപേരും നിങ്ങൾ പരിശോധിച്ചുവരൂ, ഇങ്ങനെ ഹെൽത്ത് കാർഡ് നൽകാൻ കഴിയില്ലെന്നാണ് പറയുന്നത്. അങ്ങനെയുള്ള ആരോഗ്യപ്രവർത്തകരെ ഞാൻ ഈ സഭയിൽ അഭിനന്ദിക്കുകയാണ്. അവർക്കാണ് ഞാൻ സല്യൂട്ട് അർപ്പിക്കുന്നത്. ഈ സംവിധാനത്തിലെ ബഹുഭൂരിപക്ഷം പേരും ഇത്തരം സമീപനം സ്വീകരിക്കുമ്പോൾ അതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്ന, ഇത്തരം കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. അങ്ങനെയുള്ളവരുടെ പ്രവർത്തം കണ്ടുകൊണ്ട് ഇത് ജനറലൈസ് ചെയ്യരുതെന്ന അഭ്യർത്ഥനയാണ് എനിക്ക് ബഹുമാനപ്പെട്ട പ്രതിക്ഷത്തിനുമുമ്പാകെ പറയാനുള്ളത്.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ചില കാര്യങ്ങൾകൂടി ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യസുരക്ഷാ പരിശോധനകൾ പല മടങ്ങ് വർദ്ധിപ്പിച്ചു. അതിന്റെ കണക്കുകൾ ഞാൻ ഇവിടെ വിശദീകരിച്ചു. ഈ വർഷം (2022 ഡിസംബർ മാസംവരെ) 2,21,11,793 രൂപയാണ് പെനാലിറ്റിയായി ഇംപോസ് ചെയ്യപ്പെട്ടത്. കഴിഞ്ഞ 8-9 വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന 12 ലക്ഷം രൂപയിൽനിന്നാണ് ഈ തുകയിൽ എത്തപ്പെട്ടത്. ഈ സാമ്പത്തികവർഷം തീരാൻ ഇനിയും രണ്ട് മാസംകൂടിയുണ്ട്. അതുപോലെ ലൈസൻസും രജിസ്ട്രേഷനും ഉറപ്പാക്കാൻ വ്യാപകമായ ഡ്രൈവുകൾ നടത്തി. കഴിഞ്ഞ ആറുമാസത്തിൽ (ഡിസംബറിൽ വരെ) സംസ്ഥാനത്ത് 82406 പുതിയ രജിസ്ട്രേഷനുകളും 18037 പുതിയ ലൈസൻസുകളും സ്ഥാപനങ്ങൾക്ക് നൽകി. ലൈസൻസ് സർട്ടിഫിക്കറ്റും 1800-4251125 എന്ന ടോൾ ഫ്രീ നമ്പരും ലൈസൻസുണ്ടെങ്കിൽ ലൈസൻസ് സർട്ടിഫിക്കറ്റും രജിസ്ട്രേഷന്റേതാണെങ്കിൽ അതും എല്ലാ ഭക്ഷണ സ്ഥാപനങ്ങളിലും പ്രദർശിപ്പിച്ചിരിക്കണം. അങ്ങനെ പ്രദർശിപ്പിച്ചിട്ടില്ലാത്ത

സ്ഥാപനങ്ങളുണ്ടെങ്കിൽ പൊതുജനങ്ങൾക്കും പരാതിപ്പെടാം. പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിക്കും. ഷവർമ്മമൂലം ആളുകൾ മരിക്കുന്ന സാഹചര്യമുണ്ടാകരുത്. അങ്ങനെയുണ്ടാകുമ്പോൾ അതിൽ നടപടി സ്വീകരിക്കുക മാത്രമല്ല എന്തുകൊണ്ടതുണ്ടാകുന്നുവെന്ന് കണ്ടെത്തി അതുണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച കൃത്യമായ ഒരു ഗൈഡ്‌ലൈൻ പുറത്തിറക്കിയിട്ടുണ്ട്. ഗൈഡ്‌ലൈൻ പുറത്തിറക്കിയതുകൊണ്ടുമാത്രം അതിന്മേലുള്ള പ്രവർത്തനം അവസാനിപ്പിക്കുകയല്ല. അതിൽ പ്രത്യേക പരിശോധനകളും സംസ്ഥാന വ്യാപകമായി നടത്തുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചൊരു കാര്യം ലാബുകളെക്കുറിച്ചാണ്. തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടുമായി മൂന്ന് റീജിയണൽ അനലെറ്റിക്കൽ ലാബുകളാണ് നമുക്കുള്ളത്. രാജ്യത്താദ്യമായി എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ നേടിയ ലാബുകളാണിവ. 2022 മാർച്ചിൽ തിരുവനന്തപുരത്തും 2021 ഡിസംബറിൽ എറണാകുളത്തും 2022 ജൂണിൽ കോഴിക്കോട്ടും ഇന്റഗ്രേറ്റഡ് അക്രെഡിറ്റേഷൻ ലഭിച്ചു. മൈക്രോ ബയോളജി

ലാബിന്റെ കാര്യം അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. മൈക്രോ ബയോളജി ലാബിൽ അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് സംസ്ഥാനത്തിന്റെ എല്ലാ നടപടികളും പൂർത്തിയായി. കേന്ദ്ര സർക്കാരാണ് ഇതിന്റെ വെന്റിനെ നിശ്ചയിച്ചിട്ടുള്ളത്. ടേൺ കീ അടിസ്ഥാനത്തിലാണ് ഏജൻസി ഇത് നിർവ്വഹിക്കുന്നത്. രണ്ടുമൂന്ന് മാസത്തിനുള്ളിൽ മൈക്രോ ബയോളജി ലാബും അക്രെഡിറ്റഡാകുമെന്നാണ് കേന്ദ്രം നിയോഗിച്ച ഏജൻസി അറിയിച്ചിട്ടുള്ളത്. പതിനാല് ജില്ലകളിലും മൊബൈൽ ഭക്ഷ്യ പരിശോധന ലാബുകളുള്ള രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ആറ് മൊബൈൽ ഭക്ഷ്യ പരിശോധന ലാബുകൾകൂടി ഇപ്പോൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 46 ഭക്ഷ്യ സുരക്ഷ ഓഫീസേഴ്സിന്റെ ഒഴിവുണ്ടായിരുന്നു; അതെല്ലാം നികത്തിയിട്ടുണ്ട്. അഞ്ചെണ്ണത്തിൽ കേസ് നിലനിൽക്കുന്നുണ്ട്. നാലെണ്ണം സ്പെഷ്യൽ റിക്രൂട്ട്മെന്റാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേസ് നിലനിൽക്കുന്നയിടങ്ങളിൽ നിയമനം നടത്താൻ കഴിയില്ല. എക്സ്പെർട്ട്സുമായും വിദഗ്ധരുമായും ചർച്ച നടത്തിയപ്പോൾ ഏറ്റവുമധികം ഭക്ഷ്യ വിഷബാധ ഉണ്ടാകാൻ സാധ്യതയുള്ള പദാർത്ഥം മയോണൈസ്

ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ സമയം മയോണൈസ് പുറത്തിരുന്നാൽ, പ്രത്യേകിച്ച് പച്ച മുട്ട ഉപയോഗിച്ചാൽ സാൽമൊണല ബാക്ടീരിയ ഉൾപ്പെടെ പെട്ടെന്ന് വളരുകയും ആളുകളിലേക്ക് ഈ ബാക്ടീരിയ എത്തപ്പെടുകയും ഓരോരുത്തരുടെ ശാരീരിക അവസ്ഥകളനുസരിച്ച് അവരെ ആ രീതിയിൽ ബാധിക്കുകയും ചെയ്യും. അതുകൊണ്ട് അത് നിരോധിച്ചു. പാസ്ചറൈസ്ഡ് മുട്ട ഉപയോഗിക്കാം. പാഴ്സലിൽ തീയതിയും ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തുന്നത് നിർബന്ധമാക്കി. ഇപ്പോൾ ലഭിക്കുന്ന പാഴ്സലുകൾ പരിശോധിച്ചാൽ അത് കാണാൻ കഴിയും. അതില്ലാതെ എവിടെയെങ്കിലും പാഴ്സലുകൾ നൽകുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. ഓഡിറ്റോറിയങ്ങളിൽ ലൈസൻസുള്ള കാറ്ററിംഗ് സ്ഥാപനങ്ങൾക്ക് മാത്രമെ ഭക്ഷണം നൽകാൻ പാടുള്ളുവെന്നത് നിർബന്ധമാക്കി. സംസ്ഥാനത്ത് അപ്രതീക്ഷിതവും മുന്നറിയിപ്പില്ലാത്തതുമായ പരിശോധനകൾക്ക് അഞ്ചംഗ ടാസ്ക് ഫോഴ്സിനെ ഉത്തരവിലൂടെ നിയമിച്ചു. അസിസ്റ്റന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് ഇതിന്റെ ചുമതല നൽകിയിരിക്കുന്നത്. ഭക്ഷ്യപരിശോധനകൾ അപ്പപ്പോൾ ഓൺലൈനായി

നടപ്പിലാക്കുന്നത് നിർബന്ധമാക്കി. 2021-ലെ assessment-ലുള്ള മാനദണ്ഡങ്ങൾ മാറ്റിയതിൽ ഓൺലൈൻ എൻട്രി ഉണ്ടാകണമെന്നുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ എച്ച്.ആർ. കമ്പോണന്റ്, അതിന്റെ ഭാഗമായി (BHOG) " Blissful Hygienic Offering to God" ആരാധനാലയങ്ങൾ ഇതിന്റെ കീഴിൽ വരണമെന്നുള്ളതാണ്. ഇതൊക്കെ assessment മാനദണ്ഡങ്ങളിലുണ്ട്. 2021-ൽ ആരാധനാലയങ്ങളൊന്നും BHOG-ന്റെ കീഴിൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ ഇരുപത് ആരാധനാലയങ്ങളുടെ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്. എല്ലാ മതസ്ഥാപനങ്ങളും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് ഇത് കേന്ദ്രം നിഷ്കർഷിക്കുന്ന കാര്യമായതുകൊണ്ട് അത് നടപ്പാക്കിയേ മതിയാവുകയുള്ളൂ. ഹോട്ടലുകൾക്ക് ഹൈജീൻ റേറ്റിംഗ് ഏർപ്പെടുത്തി. എല്ലാ ഹോട്ടലുകളും റെസ്റ്റോറന്റുകളും ഇതിൽ പങ്കാളികളാകണം. നിലവിൽ ഏതാണ്ട് 1300 ഹോട്ടലുകളും റെസ്റ്റോറന്റുകളുമാണ് ഇതിലുള്ളത്. ഹൈജീൻ റേറ്റിംഗും ഗ്രീവൻസ് പോർട്ടലും തയ്യാറായിട്ടുണ്ട്; ഈയാഴ്ച അത് ഉപയോഗക്ഷമമാക്കുന്നതാണ്. ഗ്രീവൻസ് പോർട്ടൽ നിലവിൽ വരുന്നതോടുകൂടി

നേരിട്ട് ജനങ്ങൾക്ക് പരാതി നൽകാൻ കഴിയും. അവർക്ക് വിഷ്വൽസും, ഫോട്ടോയും ഇതിലൂടെ അയയ്ക്കാൻ കഴിയും. ഭക്ഷണശാലകളെ സംബന്ധിച്ച് ജനങ്ങളുടെ ഓഡിറ്റ് ഇതിലൂടെ നടപ്പിലാകുന്നതാണ്. നമ്മൾ BHOG ആരംഭിച്ചിട്ടുണ്ട്. ഇരുപത് ആരാധനാലയങ്ങളിൽ അതിന്റെ ഓഡിറ്റ് പൂർത്തിയാക്കി. ഭക്ഷ്യസുരക്ഷ ഗ്രാമപഞ്ചായത്ത് പദ്ധതി 433 പഞ്ചായത്തുകളിൽ നടപ്പിലാക്കി. ഒരു പഞ്ചായത്തിലെ പ്രധാന വാട്ടർ സോഴ്സസ് പരിശോധിക്കുക, ആ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നുള്ളതാണ്. നിലവിൽ 140 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കായി വളരെ ചെറിയ പ്രായത്തിൽതന്നെ നല്ല ഭക്ഷണ ശീലങ്ങൾ അവരെ പരിശീലിപ്പിക്കുന്നതിനു വേണ്ടി 'Safe and Nutritious Food at School' 1603 സ്കൂളുകളിൽ നടപ്പിലാക്കി. ഇപ്പോൾ 500 സ്കൂളുകളിൽക്കൂടി നടപ്പിലാക്കുകയാണ്. വളരെ കർശനമായി നിയമം നടപ്പിലാക്കുകയും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് വിട്ടുവീഴ്ചയില്ലാതെ കർശനമായി മുന്നോട്ടുപോകുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കുകയും ചെയ്യുകയാണ്. ഈ

വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയും ഞാനുമായി യോഗം ചേർന്നിരുന്നു. FoSTaC ട്രെയിനിംഗ് വളരെ നിർബന്ധമാണ്. തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി അത് നടപ്പിലാക്കുന്നുയെന്നുള്ളത് ഉറപ്പാക്കുന്നതിനുവേണ്ടി തദ്ദേശസ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നമ്മൾ ഭക്ഷ്യസുരക്ഷ പഞ്ചായത്താണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഭക്ഷ്യ സുരക്ഷ മണ്ഡലവും നമുക്ക് നടപ്പിലാക്കാൻ കഴിയുന്നതാണ്. 140 നിയോജക മണ്ഡലങ്ങളെയും ഭക്ഷ്യസുരക്ഷ മണ്ഡലങ്ങളായി മാറ്റാൻ കഴിയും. അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാരുടെയുൾപ്പെടെ പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഹോട്ടലുകളും റെസ്റ്റോറന്റുകളും ഭക്ഷ്യസുരക്ഷ ചെയിനിലെ അവസാന കണ്ണിയാണ്. ഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനം, വിതരണം, അത് സ്റ്റോർ ചെയ്യുന്ന രീതി ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട നിയമത്തിൽ നമ്മൾ പരിശോധിക്കുന്നത്. ഉദാഹരണത്തിന്, പാഴ്സലിൽ രേഖപ്പെടുത്തിയിരിക്കുന്ന സമയത്തിനുള്ളിൽതന്നെ നമ്മൾ ആഹാരം കഴിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

അങ്ങനെ ഒരു പൊതുജാഗ്രതയുടെകൂടി അടിസ്ഥാനത്തിൽ 'കേരളം സുരക്ഷിത ഭക്ഷണ ഇടം' എന്ന നിലയിലേക്ക് എത്തുകയെന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാമെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്ത് വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുകയും റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന ഭക്ഷ്യവിഷബാധ വ്യാപകമായിരിക്കുന്നു. സംസ്ഥാനത്തുടനീളം ഇതുണ്ടാക്കിയിരിക്കുന്ന ഉത്കണ്ഠ നിസ്സാരമല്ല. റെസ്റ്റോറന്റുകളിൽ കയറുന്നവരുടെ എണ്ണംപോലും അമ്പതുശതമാനമായി കുറഞ്ഞിരിക്കുന്നുവെന്നാണ് നന്നായി നടക്കുന്ന റെസ്റ്റോറന്റുകളുടെ ഉടമകൾപോലും പറയുന്നത്. അതിനിടയിലാണ് സർക്കാരിന്റെ എൻഫോഴ്സ്മെന്റും ഇതുനന്നായി നടപ്പാക്കുന്നതിന് മന്ത്രിയുടെ

പ്രഖ്യാപനവും കഴിഞ്ഞ ദിവസം നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ വേളയിൽ ഉണ്ടായത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം കഴിഞ്ഞ് നാൽപ്പത്തിയെട്ട് മണിക്കൂറിനകം തിരുവനന്തപുരത്ത് ആരോഗ്യവകുപ്പിന്റെ മൂക്കിന് താഴെയുള്ള ജനറൽ ആശുപത്രിയിലാണ് കൈക്കൂലി വാങ്ങി ഹെൽത്ത് കാർഡ് കൊടുക്കുന്ന സ്ഥിതി വന്നത്. ഹെൽത്ത് കാർഡ് കൊടുക്കുന്നതിനുമുമ്പ് നിരവധി ടെസ്റ്റുകൾ നടത്തണം. ഒന്ന്- ഫിസിക്കൽ എക്സാമിനേഷൻ നടത്തണം, രണ്ട്- eye ടെസ്റ്റ് നടത്തണം, മൂന്ന്- സ്കിൻ എക്സാമിനേഷൻ നടത്തണം, നാല്- എല്ലാ ഷെഡ്യൂൾ ഓഫ് വാക്സിനുകളും കംപ്ലെ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കണം. ഇവർക്ക് എന്തെങ്കിലും സാംക്രമിക രോഗം (Communicable disease), infectious disease ഏതെങ്കിലും ഉണ്ടോയെന്ന് പരിശോധിക്കണം. ഈ പരിശോധനകളെല്ലാം നടത്തിയതിന്റെ സർട്ടിഫിക്കറ്റെല്ലാം ആ ഫോം അനുസരിച്ച് കൊടുത്തശേഷമാണ് ഹെൽത്ത് കാർഡ് കൊടുക്കേണ്ടത്. ഡോക്ടർമാർ 300, 400 രൂപ വാങ്ങി ഇതൊന്നും പരിശോധിക്കാതെ സർട്ടിഫിക്കറ്റ് കൊടുക്കുകയാണ്. എന്റെ അത്ഭുതമെന്ന് പറയുന്നത്, അവർ വൈകിട്ട് ഭാര്യയും മക്കളുമായി ഈ റെസ്റ്റോറന്റുകളിൽ പോയല്ലേ ഭക്ഷണം

കഴിക്കുന്നത്. അവർ നൽകുന്ന ഹെൽത്ത് കാർഡ് ഏത് റെസ്റ്റോറന്റിലെയാണെന്ന് അവർക്ക് അറിയുമോ? 300 രൂപയ്ക്ക് വേണ്ടി ഇത്രയും നിസാരമായി ഈ പ്രവൃത്തി ചെയ്യുകയെന്ന് പറഞ്ഞാൽ ആരോഗ്യവകുപ്പിൽ എന്താണ് നടക്കുന്നത്? എവിടെ കിട്ടിയാലും കൈയിട്ട് വാരുകയാണ്. ആരോഗ്യവകുപ്പിൽനിന്നും വരുന്ന വാർത്തകളെക്കുറിച്ച് ഞാൻ പറയുന്നില്ല. പിതാവിന്റെ ശവശരീരം ഏറ്റുവാങ്ങാൻ ചെന്ന ഒരു മകനെ പതിനഞ്ചു മിനിട്ട് ക്രൂരമായി കുനിച്ചുനിർത്തി ആറുപേർ കൂടി മർദ്ദിക്കുന്ന കാഴ്ച കണ്ടാൽ ചങ്കുപൊട്ടിപോകും. ഇന്നലെ മുഴുവൻ സോഷ്യൽ മീഡിയയിലും ഇന്ന് മാധ്യമങ്ങളിലും ഇതിന്റെ വാർത്ത വന്നിരിക്കുകയാണ്. ടോയ്‌ലറ്റിൽ പോകണമെന്ന് പറഞ്ഞ് നിർബന്ധം പിടിച്ചതിനാണ് ക്രൂരമായി മർദ്ദിച്ചത്. ഇതൊക്കെയാണ് സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെയുള്ള ആശുപത്രിയിൽ നടക്കുന്നത്. ഈ സർട്ടിഫിക്കറ്റെല്ലാം കളക്ട് ചെയ്ത് ഓൺലൈൻ ആയി അക്ഷയകേന്ദ്രം വഴി അപേക്ഷിക്കുന്ന സുതാര്യമായ സംവിധാനം ഉണ്ടാക്കണ്ടേ. നിലവിലിത് കൈക്കൂലി വാങ്ങാനുള്ള സംവിധാനമായി മാറ്റുകയാണ്. ഒരു ഹെൽത്ത് കാർഡ് ഇഷ്യൂ ചെയ്യുമ്പോൾ അത് വളരെ transparent ആയി,

ഭംഗിയായി ചെയ്യുന്നതിനുള്ള മെക്കാനിസം ഉണ്ടാക്കണ്ടേ. അതിനല്ലേ ഗവൺമെന്റും ഗവൺമെന്റ് ഉദ്യോഗസ്ഥരും ഇരിക്കുന്നത്. അതുകൊണ്ടല്ലേ ഈ പാളിച്ച പറ്റിയത്. ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി 2011-ൽ അങ്ങനെ ഉണ്ടായിരുന്നില്ലെന്നും പത്തുകൊല്ലം മുമ്പുള്ള കാലത്തെ ഫുഡ് സേഫ്റ്റിയെ കമ്പയർ ചെയ്തുമൊക്കെയാണ് പറയുന്നത്. 2011-ലാണ് റെഗുലേഷൻ വന്നത്. ആ ആദ്യകാലഘട്ടമെന്ന് പറയുന്നത് ഒരു സിസ്റ്റം establish ചെയ്യുന്ന transition period ആണ്. അന്നത്തെ കാലഘട്ടത്തിൽ ചെയ്യാൻ പറ്റുന്ന ധാരാളം കാര്യങ്ങൾ രാജ്യത്ത് ആദ്യമായി ഈ regulation നിലവിൽ വന്നശേഷം ഏറ്റവും ഭംഗിയായി ചെയ്തത് കേരളത്തിലാണ്. അതുകൊണ്ടാണ് കേരളത്തിന് മുന്നിലേയ്ക്ക് വരാൻ കഴിഞ്ഞത്. ഇപ്പോഴുള്ള സ്ഥിതിയെന്താണ്? വ്യാപകമായി ഭക്ഷ്യവിഷബാധ എല്ലായിടത്തും ഉണ്ടാകുമ്പോൾ കുറെക്കൂടി ഗൗരവം വരികയല്ലേ. പന്ത്രണ്ട് ലക്ഷം രൂപയ്ക്കുമീതെയുള്ള സംവിധാനങ്ങൾക്കാണ് ലൈസൻസ് കൊടുക്കുന്നത്. അതിനു താഴെയുള്ളവർക്കാണ് രജിസ്ട്രേഷൻ കൊടുക്കുന്നത്. ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ചതുപോലെ ഇതിന്റെ കാലതാമസം കൊണ്ട് കൃത്യമായി കൊടുക്കാൻ പറ്റാത്തതുകൊണ്ട് default

licence ആണ് കൊടുക്കുന്നത്. കൂടുതലായും default licence-കളാണ് ഇപ്പോഴുള്ളത്. അതിന്റെ പേരിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുകയാണ്. Default licence-ൽ പ്രവർത്തിക്കുന്നതൊന്നും വകുപ്പിന്റെ ഡാറ്റാ ബേസിൽ വരുന്നില്ല. സി. & എ. ജി. റിപ്പോർട്ടിൽ എണ്ണിയെണ്ണിയാണ് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ വീഴ്ചകളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഈ സർട്ടിഫിക്കറ്റും രജിസ്ട്രേഷനും കൊടുക്കുന്നതിനുവേണ്ടി ആനാവശ്യമായ ഡിലേ വരികയാണ്. സർട്ടിഫിക്കേറ്റിന്റെയും രജിസ്ട്രേഷന്റെയും പുറത്താണ് ആയിരകണക്കിന് സ്ഥാപനങ്ങളും റെസ്റ്റോറന്റുകളും കേരളത്തിൽ പ്രവർത്തിക്കുന്നത്. ഭക്ഷ്യസുരക്ഷ വകുപ്പിന് കൃത്യമായ ഡാറ്റാബേസില്ല. റെഗുലേഷൻ അനുസരിച്ച് കൃത്യമായ ഡാറ്റാബേസ് മെയിന്റയിൻ ചെയ്യണം. എത്ര റസ്റ്റോറന്റുകൾ കേരളത്തിലുണ്ടെന്ന് ഭക്ഷ്യസുരക്ഷ വകുപ്പിന് അറിയില്ല. ഇവർ നടത്തുന്ന ആക്ടിവിറ്റികൾ പരിശോധിക്കാനുള്ള സംവിധാനം ഇല്ല. ഗവൺമെന്റ് വയ്ക്കുന്ന നിബന്ധനകൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളില്ല. നേരത്തെ ജി.എസ്.ടി. വകുപ്പും ലോക്കൽ ബോഡിയുമായി ജോയിന്റ് ആയിട്ടാണ് ഇതെല്ലാം ചെയ്തിരുന്നത്. ജി.എസ്.ടി. വകുപ്പും ലോക്കൽ

ബോഡിയുമായി ഒരുമിച്ചുനിന്നാൽ ഡാറ്റ ബേസ് കിട്ടാൻ വളരെ എളുപ്പമല്ലേ. ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, നാല് സെലക്ടഡ് ഡിസ്ട്രിക്ടുകളിൽ ലോക്കൽ ബോഡി ലൈസൻസ് കൊടുക്കാൻ 348 സ്ഥാപനങ്ങളുണ്ട്. പക്ഷേ 144 എണ്ണം ഭക്ഷ്യ സുരക്ഷ വകുപ്പിൽ ഉൾപ്പെട്ടിട്ടില്ല. ലോക്കൽ ബോഡി പരിശോധിച്ചിരുന്നുവെങ്കിൽ നിങ്ങൾക്ക് 348 സ്ഥാപനങ്ങളുടെയും ഡാറ്റ ബേസ് കിട്ടുമായിരുന്നു. പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും ലിസ്റ്റിലുള്ളതും ലൈസൻസ് കൊടുത്തിരിക്കുന്നതുമായ സ്ഥാപനങ്ങളിൽ പകുതിയും നിങ്ങളുടെ കൈയ്യിലില്ല. 338 റസ്റ്റോറന്റുകളുടെ വിവരം ജി.എസ്.ടി. വകുപ്പിന്റെ കൈയ്യിലുണ്ട്. അതിൽ 122 റസ്റ്റോറന്റുകൾ തുടങ്ങിയ കാര്യം ഭക്ഷ്യ സുരക്ഷ വകുപ്പിന് അറിയില്ല. അക്കാര്യം ജി.എസ്.ടി. വകുപ്പ് അറിഞ്ഞിട്ടുണ്ട്. 338 റെസ്റ്റോറന്റുകൾ അവരുടെ ഡാറ്റയിലുണ്ട്. തിരുവനന്തപുരം ജില്ലയിൽ 162 റെസ്റ്റോറന്റുകളുണ്ടെന്ന് ജി.എസ്.ടി. വകുപ്പിന് അറിയാം. പക്ഷേ, 96 എണ്ണത്തെക്കുറിച്ച് നിങ്ങൾ അറിഞ്ഞിട്ടില്ല. ഇത് എന്ത് ഡാറ്റ ബേസാണ്; എന്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നത്? എങ്ങനെയാണ് എൻഫോഴ്സ്മെന്റ് നടക്കുന്നത്. എൻഫോഴ്സ്മെന്റ് പരിധിയുടെ പുറത്താണ് ഈ

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. എൻഫോഴ്സ്മെന്റിന്റെ പരിധിയിൽവരുന്നില്ല. നാല് ജില്ലകളിൽ 259 എണ്ണങ്ങളുടെ ടെസ്റ്റ് കേസ് എടുത്തപ്പോൾ 165 കേസുകളിൽ ആവശ്യമായ documents, declaration ഒന്നും കൊടുക്കാതെയാണ് ലൈസൻസ് കൊടുത്തിരിക്കുന്നത്. പിന്നെ എന്തിനാണ് ലൈസൻസ്? പിന്നെ എന്തിനാണ് രജിസ്ട്രേഷൻ? സി. & എ. ജി. 259 എണ്ണം ടെസ്റ്റ് കേസായി എടുത്തപ്പോൾ 165 എണ്ണത്തിൽ sufficient document ഇല്ലാത്ത ഭക്ഷണം തരുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുവാദം കൊടുത്തിരിക്കുകയാണ്. ലൈസൻസ് കൊടുക്കുന്നതിന് അവിടെയും വേറെ ഏർപ്പാടുണ്ടാകും. കൂടുതൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെയും രജിസ്ട്രേഷൻ നടത്താതെയുമാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ പ്രവർത്തിക്കുന്നതിൽ 26 ശതമാനം സ്ഥാപനങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് വിധേയമാകുന്നത്. ചെറിയ തട്ടുകടകളിൽ ഒൻപത് ശതമാനം കടകളിൽ മാത്രമാണ് പരിശോധനയുള്ളത്. പരിധിയിൽ വരുന്ന മേജർ റെസ്റ്റോറന്റുകളിൽ 26 ശതമാനത്തിൽ മാത്രമാണ് പരിശോധനയുള്ളത്. തട്ടുകടകളിൽ വർഷത്തിലൊരിക്കൽ പരിശോധന നടത്തണമെന്നിരിക്കെ അത്തരം

പരിശോധനകൾ ഒരിടത്തും നടത്തുന്നില്ല. അവർക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് മാത്രമാണ് കൊടുക്കുന്നത്. ഇംപ്രൂവ്മെന്റ് നോട്ടീസ് കൊടുത്തശേഷം പുനർനടപടികളെക്കുറിച്ച് അന്വേഷിക്കുന്നില്ല. ഇതിൽ എൻഫോഴ്സ്മെന്റ് സാമ്പിളുകൾ ശേഖരിക്കേണ്ടതുണ്ട്. അങ്ങനെയുള്ളതിൽ 708 കേസ്സുകളെടുത്തതിൽ 56 കേസ്സുകളിൽ മാത്രമാണ് റെഗുലേഷൻപ്രകാരമുള്ള സാമ്പിൾ ശേഖരിച്ചിട്ടുള്ളത്. സാമ്പിൾ ശേഖരിക്കാതെ എങ്ങനെയാണ് കേസ് ജയിക്കുന്നത്? ഒരു ഉദാഹരണം പറയാം. അങ്കണവാടികളിലെ കുഞ്ഞുങ്ങൾക്ക് വിതരണം ചെയ്ത 'അമൃതം' ന്യൂട്രിമിക്സ് എന്ന സപ്ലിമെന്ററി ആഹാരപ്പൊടി സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിരുന്നു. അപ്രകാരം സുരക്ഷിതമല്ലെന്ന് കണ്ടെത്തിയ പൊടിയിൽനിന്നും സാമ്പിൾ ശേഖരിക്കാതെ നാലുമാസം കഴിഞ്ഞ് പുതിയതായി ഇറക്കിയ ബാച്ചിലെ 'അമൃതം' ന്യൂട്രിമിക്സ് പൊടിയിൽനിന്നുമാണ് പരിശോധനയ്ക്കുള്ള സാമ്പിൾ ശേഖരിച്ചത്. നേരത്തേയുള്ള ബാച്ചിൽനിന്നും സാമ്പിളെടുത്തപ്പോൾ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കമ്പനി ആ പ്രശ്നം പരിഹരിച്ചിരുന്നു. അങ്കണവാടികളിൽ വിതരണം ചെയ്ത പൊടിയുടെ കൃത്യമായ സാമ്പിളെടുക്കാൻ

കഴിയാത്തതുകൊണ്ട് ഇപ്പോഴും അതുതന്നെയാണ് കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്താണ് ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നടക്കുന്നത്? എന്നിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇത്തരം കാര്യങ്ങൾ പറയുന്നത്. കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞത്, നിങ്ങളുടെ ഭരണകാലത്ത് 62 ഫുഡ് ആൻഡ് സേഫ്റ്റി ഓഫീസർ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഞങ്ങളുടെ കാലത്ത് അത് 140 പേരാക്കി ഉയർത്തിയിരിക്കുന്നുവെന്നാണ്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു; ആ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 57 ഫുഡ് സേഫ്റ്റി ആഫീസർമാരെ നിയമിച്ചത്. ആദ്യം 30 പേരേയും പിന്നീട് 32-ഉം അതിനുശേഷം 57 പേരുടെയും നിയമനം നടത്തുകയുണ്ടായി. 2013-ൽ നിയമിച്ച 57 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ക്രെഡിറ്റ് 2016-നുശേഷം അധികാരത്തിൽവന്ന ഗവൺമെന്റോ 2021-നുശേഷം വന്ന ഗവൺമെന്റോ അവകാശപ്പെടുന്നത് ശരിയല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയിൽ കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കലിന്റെ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം ആലോചിച്ചാൽമതി. ഞങ്ങൾ

രേഖകളുടെ അടിസ്ഥാനത്തിലാണ് സഭയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തിയ മൂന്ന് സർക്കാർ ഉത്തരവുകളും എന്റെ കൈവശമുണ്ട്. ഞങ്ങൾ ആധികാരികമല്ലാത്ത ഒരു കാര്യവും സഭയിൽ പറയാറില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ അതിന്റെ തെളിവ് ഹാജരാക്കാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒന്നാം സ്ഥാനത്തായിരുന്നു. കാരണം എല്ലാവരും പതുക്കെയാണ് തുടങ്ങിയത്. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പരമാവധി കാര്യങ്ങൾ അന്ന് നടപ്പാക്കിയിരുന്നു. 2011-ൽ നടപ്പാക്കിയ അതേ കാര്യങ്ങൾ 2021-ൽ നടപ്പാക്കിയാൽ മതിയാകില്ല. ഇന്ന് അതിനേക്കാൾ അപകടകരമായ സാഹചര്യമാണുള്ളത്. നമ്മളും നമ്മുടെ കുഞ്ഞുങ്ങളും ഭക്ഷണം കഴിക്കുകയല്ലേ, ഫോണിലൂടെ വിളിച്ചാൽ ഭക്ഷണം നമ്മുടെ വീടുകളിൽ എത്തുകയാണ്. എന്ത് ധൈര്യത്തിലാണ് ഇപ്പോഴുള്ള ചെറുപ്പക്കാർ മുഴുവൻ ഷവർമ്മ, അൽഫാം ചിക്കൻ എന്നിവയെല്ലാം ഉപയോഗിക്കുന്നത്? ഭക്ഷ്യ സുരക്ഷാ വകുപ്പ് പറയുന്നത് അതിൽ ചേർക്കുന്ന ചില സാധനങ്ങൾക്ക് പ്രശ്നമുണ്ടെന്നാണ്.

ബഹുമാനപ്പെട്ട മന്ത്രി ഇനിമുതൽ ഇത്തരം പരിശോധനകൾ നടത്തുമ്പോൾ നേരത്തെ പ്രഖ്യാപിക്കരുത്. 'ഓപ്പറേഷൻ ഷവർമ്മ', എന്നെല്ലാം പറഞ്ഞ് നേരത്തെ പ്രഖ്യാപനം നടത്തിയാൽ പ്രശ്നമുള്ളവ കണ്ടെത്താൻ കഴിയില്ല. അതിനാൽ ഇത്തരം പരിശോധനകൾ രഹസ്യമായി നടത്തണം. പ്രഖ്യാപിച്ചതിനുശേഷം പരിശോധന നടത്തിയാൽ ആരെയും പിടികൂടാൻ സാധിക്കില്ല. വലിയരീതിയിലുള്ള വെട്ടിപ്പാണ് ഇതിൽ നടക്കുന്നത്. ഇത്രയും അപകടകരമായ ഭക്ഷണ സാധനങ്ങൾ കഴിക്കാനുള്ള അവരുടെ ടെന്റൻസി അവരെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമുണ്ട്. സംസ്ഥാനത്ത് ധാരാളം റെസ്റ്റോറന്റുകളുണ്ട്. ധാരാളം ആളുകൾ പുറത്തുപോയി ഭക്ഷണം കഴിക്കുന്നുണ്ട്. കുഞ്ഞുങ്ങൾ പുറത്തുപോകുമ്പോഴെല്ലാം എത്ര പേരാണ് അത്തരത്തിൽ ഭക്ഷണം കഴിക്കുന്നത്. കേരളത്തിൽ എത്ര പേർക്ക് ഭക്ഷ്യ വിഷബാധയേറ്റിട്ടുണ്ടെന്നതിന്റെ കണക്കുണ്ടോ; ഇത് ഗൗരവമുള്ള ചോദ്യമല്ലേ? പനി ബാധിച്ചവർ ആശുപത്രിയിൽ പോയാൽ അവരുടെ കണക്ക് ചിലപ്പോൾ നമ്മുടെ കൈവശമുമണ്ടാകും. ഭക്ഷ്യ വിഷബാധയേറ്റവരെക്കുറിച്ചുള്ള കണക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കൈവശമില്ല. ഭക്ഷ്യ വിഷബാധയുണ്ടായാൽ ആരും

ആശുപത്രിയിൽ പോകാതിരിക്കില്ല. പനി ബാധിച്ചാൽ ചിലപ്പോൾ നമ്മുടെ വീടുകളിൽതന്നെ ചികിത്സ നടത്തും. പക്ഷെ ഭക്ഷ്യ വിഷബാധയുണ്ടായാൽ ആശുപത്രിയിൽ പോകാതിരിക്കില്ല. അപ്പോൾ എത്രയായിരം പേർക്കാണ് ഭക്ഷ്യ വിഷബാധയേറ്റിട്ടുള്ളത്? കുറച്ചുപേർക്ക് പന്നീട് പ്രശ്നങ്ങളുണ്ടാകുന്നു; ചിലർ മരണപ്പെടാറുമുണ്ട്. അപകടകരമായ രീതിയിലേയ്ക്ക് നമ്മുടെ ഭക്ഷണ രീതി പോകുകയാണ്. വിശ്വസിച്ച് ഭക്ഷണം കഴിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതേസമയത്ത് നന്നായി ഭക്ഷണം നൽകുന്ന ആളുകളുമുണ്ട്. ആ സ്ഥലങ്ങളിൽപ്പോലും ബിസിനസ് വളരെ കുറയുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ സമീപനമാണ് കേരളത്തിന്റെ ഭക്ഷ്യ സുരക്ഷാ നയമെങ്കിൽ, നമ്മൾ വീണ്ടും അപകടത്തിലേയ്ക്ക് പോകും. ഇക്കാര്യത്തിൽ ഒരുപാട് പാളിച്ചകളുണ്ട്. എൻഫോഴ്സ്മെന്റിൽ പാളിച്ചകൾ മാത്രമെയുള്ളൂ. ഇവർ ചെയ്യുന്നതിന്റെ 25 ശതമാനം പോലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിധിയിൽപ്പെടുന്നില്ല. ഇതെല്ലാം മറച്ചുവയ്ക്കുന്നതും കൈക്കൂലി വാങ്ങിയതിനെ ന്യായീകരിക്കുന്നതും ഹെൽത്ത് കാർഡ് സംവിധാനത്തിലുണ്ടായ അപാകതയും അപമാനകരമാണ്. ഗവൺമെന്റ്

എടുക്കുന്ന ഇത്തരം സമീപനങ്ങളിൽ ജനങ്ങളുടെ ആരോഗ്യം സംബന്ധിച്ച ഗൗരവകരമായ പ്രശ്നത്തിൽ സർക്കാർ എടുക്കുന്ന അലംഭാവത്തിലും നിസഹകരണത്തിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, ഭക്ഷ്യ സുരക്ഷാ വകുപ്പ് സമയോചിതമായ ഇടപെടലും കാര്യക്ഷമമായ പ്രവർത്തനവും നടത്താത്തതിന്റെ ഫലമായാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാ വകുപ്പ് പല സ്ഥലങ്ങളിലും പരിശോധനയും മറ്റും നടത്തുന്നത് മാദ്ധ്യമപ്പടയുമായി വന്ന് വലിയ പരസ്യത്തിലും ആഘോഷത്തിലുമാണ്. അവിടെ കാര്യമായി ഒന്നും കണ്ടെത്താനായില്ലെങ്കിൽ അവിടെയെല്ലാം വൃത്തിഹീനമായ സ്ഥലമാണെന്നുള്ള പരാതി കൊടുത്തുകൊണ്ട് അത് വാർത്തയാക്കുന്ന സ്ഥിതിയാണ് കണ്ടുവരുന്നത്. കാസർഗോഡ് നഗരത്തിലും ഇതാണ് സംഭവിച്ചത്. അവിടെ ഒരു ഹോട്ടലിൽനിന്നും ഓൺലൈനിലൂടെ ഭക്ഷണത്തിന്

ഓർഡർ നൽകി കഴിച്ച ഒരു കുട്ടി മരണപ്പെട്ടിരുന്നു. ആ ഹോട്ടലിൽനിന്നും ഭക്ഷണം കഴിച്ചതിന്റെ ഫലമായി ആത്മഹത്യ ചെയ്തതെന്നാണ് പറഞ്ഞുകേട്ടത്. പക്ഷെ ആ കുട്ടിയുടെ ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയപ്പോഴാണ് കാര്യങ്ങൾ വ്യക്തമായത്. അതുകൊണ്ട് ഒരു കാര്യത്തിലും പരിശോധന നടത്താതെയും വേണ്ടത്ര രീതിയിൽ നോക്കാതെയുമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യമായ പരിശോധന യഥാസമയം നടത്തുന്നില്ല. പാലുമായി വന്ന അന്യ സംസ്ഥാന വാഹനത്തെ മൃഗസംരക്ഷണ വകുപ്പ് പിടിച്ചെടുത്ത് പരിശോധന നടത്തിയിരുന്നുവെന്ന് വാർത്തയുണ്ടായിരുന്നു. പരിശോധന നടത്തിയപ്പോൾ അതിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ തോത് കൂടുതലാണെന്ന് കണ്ടെത്തിയിരുന്നു. പക്ഷെ ഇത്തരം വാഹനങ്ങൾ മൃഗസംരക്ഷണ വകുപ്പിന് പരിശോധിക്കാനുള്ള അധികാരമില്ല. അതിനാൽ അവർ ഭക്ഷ്യ സുരക്ഷാ വകുപ്പിന് റിപ്പോർട്ട് കൊടുത്തു. ഏകദേശം അഞ്ചാറ് മണിക്കൂർ കഴിഞ്ഞതിനുശേഷമാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന നടത്തുന്നത്. അത്രയും സമയം കഴിഞ്ഞ് പരിശോധിച്ചാൽ പ്രശ്നമൊന്നും

കണ്ടെത്താൻ കഴിയില്ല. സമയോചിതമായി ഇടപെട്ട് മായം ചേർന്നിട്ടുണ്ടോയെന്നും മറ്റെന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് കൊടുക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ അതും നടത്തുന്നില്ലെന്നുള്ളതാണ്. വകുപ്പുകൾ തമ്മിൽ യാതൊരുവിധത്തിലുള്ള ഏകോപനവുമില്ലാത്തതിന്റെ ഫലമായിട്ടാണ് ഇത്തരം കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ അങ്ങോളമിങ്ങോളം ഹോട്ടലുകളിൽ പരിശോധനകൾ നടത്തുന്നുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ അവ മുന്നോട്ടുപോകാത്തതിലും ഗവൺമെന്റ് നടത്തുന്ന ഈ അലംഭാവത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ കാര്യക്ഷമമല്ലാത്ത മറുപടിയിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ഹെൽത്ത് കാർഡ് നടപ്പാക്കിയ രീതിയിലുള്ള അപാകതകളാണ് പ്രതിപക്ഷം പ്രധാനമായും ചൂണ്ടിക്കാണിച്ചത്. ഹെൽത്ത് കാർഡിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ നടക്കുകയാണ്. ഈ

രംഗത്ത് അഴിമതി കടന്നുവന്നിരിക്കുന്നുവെന്നത് വളരെ ഗൗരവമായി കണ്ടുകൊണ്ട് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ വ്യാപകമായി ഈ കാര്യത്തിൽ അഴിമതി നടക്കുന്നുവെന്നുള്ളത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന ആവശ്യമാണ് മുഖ്യമായും ഉന്നയിക്കുന്നത്. വെയിറ്റർമാർക്കും സപ്ലൈ ചെയ്യുന്നവർക്കുമെല്ലാം ഹെൽത്ത് കാർഡ് ഏർപ്പെടുത്തുന്നത് നല്ല കാര്യമാണ്. അതുകൊണ്ട് മാത്രം ഭക്ഷ്യ വിഷബാധയേൽക്കുന്ന പ്രശ്നം തീരുന്നില്ല. ഇവിടെ പഴകിയ ഇറച്ചിയും പച്ചക്കറികളും മീനുമെല്ലാം ഉപയോഗിക്കുന്നു എന്നുള്ളതുതന്നെയാണ് പ്രശ്നമായി ചൂണ്ടിക്കാണിക്കുന്നത്. ഇവ പരിശോധിക്കുന്നതിന് വേണ്ടത്ര സംവിധാനങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇല്ലെന്ന ഗുരുതരമായ പ്രശ്നം നിലനിൽക്കുകയാണ്. ഇവിടെ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ വലിയ ക്ഷാമം നിലനിൽക്കുകയാണ്. വളരെ പരിമിതമായ സ്റ്റാഫുകളെവച്ചുകൊണ്ട് ഇവ മെയിന്റയിൻ ചെയ്യാൻ കഴിയുന്നില്ലെന്ന വസ്തുത സർക്കാർ പരിശോധിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ നല്ല

രീതിയിലുള്ള ഹെൽത്ത് സംവിധാനങ്ങളെക്കൂടി പ്രയോജനപ്പെടുത്താൻ കഴിയണം. ഈ കാര്യത്തിൽ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഏകോപിപ്പിച്ചുകൊണ്ട് ഗവൺമെന്റ് മൊത്തത്തിൽ നിലപാട് എടുക്കണം. അക്കാര്യത്തിൽ ഫലപ്രദമായ നടപടികളുണ്ടാകുന്നില്ല. ഇത്രയും ആളുകൾ ഭക്ഷ്യ വിഷബാധയേറ്റ് മരിക്കുകയാണ്. ഈ സാഹചര്യം ആവർത്തിക്കാൻ പാടില്ല. അതുകൊണ്ട് വളരെ കർശനമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. പ്രതിപക്ഷം ഈ വിഷയം നിയമസഭയിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ യോഗം ഗവൺമെന്റ് വിളിച്ചുചേർക്കണം, ഇക്കാര്യത്തിൽ വകുപ്പുകളുടെ ഏകോപനമുണ്ടാകണം, ഈ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളുണ്ടാകണം. അതിനുള്ള നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി.)